**മലങ്കര ശ്ലൈഹിക സിംഹാസനത്തിൻെറ മെത്രാപ്പോലീത്താ**
**ഡോ ജോസഫ് മാർത്തോമ്മായിൽ നിന്നും**

**സർക്കുലർ നമ്പർ 286**

***നമ്മുടെ അധികാരത്തിൽപ്പെട്ട സകല പള്ളികളുടെയും വികാരിമാരും, ദേശത്തു പട്ടക്കാരും, പള്ളിക്കൈക്കാരും, ജനങ്ങളും കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.***

കർത്താവിൽ വാത്സല്യമുള്ളവരെ,

2017 ജൂൺ മാസം 11–ാം തീയതി പരിസ്ഥിതി ഞായറാഴ്ചയായി നാം വേർതിരിച്ചിരിക്കുന്നു. ദൈവം നമുക്കു വിസ്മയകരമായ ഈ ലോകത്തെ തന്നു. മനുഷ്യ ആവശ്യങ്ങൾ തുടർന്നും നിറവേറ്റിക്കൊണ്ട് ലോകത്തെ സംരക്ഷിക്കുവാൻ സ്രഷ്ടാവിനോടു നമുക്കു കടപ്പാടുണ്ട്. ജലം കൂടാതെ ജീവൻ അസാധ്യമാണ്. ശുദ്ധജലക്ഷാമം ആഗോള പ്രശ്നമായി മാറിയിരിക്കുന്നു.

ഏവരുടെയും അടിസ്ഥാനാവശ്യങ്ങൾ ഉറപ്പുവരുത്തുവാൻ തക്കവണ്ണം വെടിപ്പുള്ള ശുദ്ധജലം സുലഭമാക്കണമെന്നാണ് ജലത്തെ ദൈവീക വരദാനമായും മനുഷ്യാവകാശമായും കരുതണമെന്നതുകൊണ്ട് അർഥമാക്കുന്നത്. ശുദ്ധജലം പാഴാക്കാനാവില്ല. ജലമലിനീകരണം കുറയ്ക്കാനും പുനഃചംക്രമണം (Recycle) ചെയ്യാനും നാം പ്രതിബദ്ധരാകണം. ജലം കിട്ടാക്കനിയായിത്തീരുന്നതിനാൽ ജലസംരക്ഷണം വേണമോ വേണ്ടയോ എന്നതു തിരഞ്ഞെടുക്കാൻ കഴിയുന്ന ഒരു കാര്യമല്ല. മഴവെള്ളസംഭരണം ഒരു ധാർമിക മുന്നേറ്റമായിത്തീരണം. ജല സംരക്ഷണം വ്യക്തിതലത്തിലും പൊതുവിലും ദൈവശാസ്ത്രപരവും ധാർമ്മികവുമായ അനുശാസനമായും അതിലുപരി ജീവിത രീതിയായും സ്വീകരിക്കണമെന്നാണു ജലദൗർലഭ്യം നമ്മെ ബോധ്യപ്പെടുത്തുന്നത്.

'ജലസംരക്ഷണം: സഭയുടെ പരിസ്ഥിതിധാർമ്മികത' (Water Preservation and Protection: The Eco-dharma of the Church) എന്നതാണു സഭയുടെ പരിസ്ഥിതി കമ്മീഷൻ ഈ വർഷത്തെ ഇക്കോ ചിന്താവിഷയമായി നിർദ്ദേശിച്ചിരിക്കുന്നതു. ഈ വിഷയത്തെസംബന്ധിച്ച് ചർച്ചകളും കർമ്മ പദ്ധതികളും ഇടവകയിലും പ്രാദേശിക തലങ്ങളിലും നടത്തണം. കഴിഞ്ഞ വർഷങ്ങളിൽ പരിസ്ഥിതി കമ്മീഷൻെറ മേൽനോട്ടത്തിൽ വിവിധമേഖലകളിൽ പരിസ്ഥിതിസമ്മേളനങ്ങൾ നടന്നു. ഹയർ സെക്കണ്ടറി വിദ്യാർത്ഥികൾക്കായി ഡോ. യൂഹാനോൻ മാർത്തോമ്മാ ഇക്കോ ക്വിസ് അഞ്ചു വർഷങ്ങളായി നടത്തിവരുന്നു. വിദ്യാർത്ഥികൾ ഉപന്യാസ മത്സരങ്ങളിലും പങ്കെടുത്തു. പരിസ്ഥിതി അവബോധം വിദ്യാർഥികളിൽ ഉളവാക്കാനുതകുന്ന സുപ്രധാന സംരംഭങ്ങളാണിവ.'ഹരിത അവാർഡ്'' 2014 മുതൽ നൽകുന്നു. കൂടുതൽ ഇടവകകളും സ്ഥാപനകളും ഇത്തരം ഉദ്യമങ്ങളിൽ പങ്കുചേരണം.

നീതിയുടെ പുഴയെക്കുറിച്ച് ആമോസ് പറയുന്നു. 'എന്നാൽ ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ' (ആമോസ്5:24).നീതിക്കായുള്ള ദൈവിക പദ്ധതിയുടെ ഭാഗമായി മനുഷ്യ മുന്നേറ്റങ്ങൾക്കായി രൂപാന്തരപ്പെടുത്തുന്ന ശിഷ്യത്വത്തിനുള്ള വിളിയായി പ്രവാചക വചനം ശ്രവിക്കാം. ജീവൻ നൽകുന്നതും വറ്റിപ്പോകാത്തതുമായ അനുസ്യൂതം ഒഴുകുന്ന പുഴപോലെ ജലം നീതി പുറപ്പെടുവിക്കും. ജലനീതി (Water Justice) യെക്കുറിച്ചു പരിചിന്തനം നടത്തി അതിനനുസ്രുതമായിപ്രവർത്തിക്കാനുള്ള സമയമായി.
കൃപ നിങ്ങളോട് ഏവരോടും കൂടെ ഇരിക്കുമാറാകട്ടെ

തിരുവല്ലാ പൂലാത്തീനിൽനിന്നും 2017ഏപ്രിൽ 28–ാം തീയതി

**ഡോ ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ**

## FROM THE APOSTOLIC SEE OF MALANKARA
## METROPOLITAN DR. JOSEPH MAR THOMA

**Circular No. 286**

***Blessings to you all the Vicars, Resident Clergy, Trustees and Members of all the Parishes under our authority.***

We have set apart 11th of June 2017 as the Environment Sunday. God gave us this wonderful world. We have an obligation to our Creator to preserve it in order to serve the needs of humanity. Life in all its forms is impossible without water. The scarcity of fresh water is becoming a global problem.

To treat water as a gift of God and human right implies that clean fresh water should be available to meet the basic needs of all. We cannot afford to waste fresh water. Let us also affirm our commitment to reduce and recycle waste water. Water has become a rare commodity, so its conservation is not just a matter of choice.Rain water harvesting must become a moral initiative. Droughts demonstrate that we take water conservation a personal and collective theological and ethical mandate and more of a way of life.

‘Water Preservation and Protection: The Eco-dharma of the Church’ is the ecological theme proposed by the Ecological Commission of the Mar Thoma Church for this year. We must engage in discussions and action plans at the parish and regional levels. Ecological Commission convened Ecological Conferences at different regions in the previous years. It conducted Dr. Juhanon Mar Thoma Eco-Quiz for Higher Secondary School students during the past five years. School students participated in the Essay competitions as well. These are significant initiatives that help create ecological awareness among the student community. 'Haritha Award' is presented each year beginning from 2014. More parishes and institutions must take part in such endeavors.

Amos speaks about the river of justice. “Let justice roll down like waters, and righteousness like an ever-flowing stream” (Amos 5:24). Those who listen to the prophetic voice are called to transformative discipleship towards human initiatives as part of God’s plan for justice. Water can bring justice as a life-giving,ever-flowing stream that never dries up.It is time for us to think about water justice and act accordingly.

Grace be with you all.

Dated 28th April 2017 from Poolatheen, Tiruvalla

J. mmalabar.

**Dr. Joseph Mar Thoma Metropolitan**

# പരിസ്ഥിതി ഞായർ-ശുശ്രൂഷാക്രമം
## ജൂൺ 11, 2017
## വിഷയം: ജല സംരക്ഷണം-സഭയുടെ പരിസ്ഥിതി ധാർമികത

**ആരാധനാഹ്വാനം**

ദൈവ സൃഷ്ടിയായ പ്രപഞ്ചം ദൈവമഹത്വത്തെ കീർത്തിക്കുന്നു. ജീവനെ വീണ്ടെടുക്കുകയും സമൃദ്ധിയായ ജീവനെ പരിരക്ഷിക്കുകയും ചെയ്യുന്ന ദൈവസന്നിധിയിൽ നമുക്കു ചേർന്നുവരാം.

**ഗീതം**

**കൗമാ**

**പ്രാരംഭപ്രാർഥന**

ആദിയിൽ എല്ലാം ഉണ്ടാകട്ടെ എന്നു കൽപ്പിച്ച് പ്രപഞ്ചത്തെ സൃഷ്ടിച്ച ദൈവമേ, വെള്ളത്തിനുമീതേ പരിവർത്തിച്ച് ജീവനെ ഉളവാക്കിയ ദൈവാത്മാവേ,ദാഹിക്കുന്ന ഏവർക്കും ജീവനീരുറവ വാഗ്ദത്തം ചെയ്തക്രിസ്തുയേശുവേ,സമൃദ്ധിയായ ജീവൻ തരുന്ന ദൈവക്രുപയുടെ നീരുറവയിൽനിന്നു പാനം ചെയ്യാൻ ഞങ്ങളെ അനുവദിക്കേണമേ. ആമേൻ

**സ്തുതി: പ്രതിവാക്യം-'ഞങ്ങൾ അങ്ങയെ സ്തുതിക്കുന്നു'**

1. ജലപ്രളയത്താൽ നശിപ്പിക്കപ്പെട്ട ലോകത്തിൽ ജീവൻെറ ശേഷിപ്പിനെ സംരക്ഷിച്ച് മനുഷ്യനുമായി മഴവിൽ ഉടമ്പടി ചെയ്തദൈവമേ-
2. ചെങ്കടലിനെ വിഭാഗിച്ച് ദൈവജനത്തിനു രക്ഷ ഒരുക്കിയ യഹോവയാം ദൈവമേ-
3. മാറായിലെ കൈപ്പു ജലം മധുരമാക്കിയ ദൈവമേ-
4. കാനായിലെ കല്യാണത്തിനുവെള്ളം വീഞ്ഞാക്കി സമ്രുദ്ധി നൽകിയ യേശുവേ-
5. ശമര്യാക്കാരി സ്ത്രീക്ക് ജീവജലം വാഗ്ദാനം ചെയ്തയേശുവേ-
6. ജീവജലം ഒഴുകി എത്തുന്ന ഇടങ്ങളിൽ ജീവജാലങ്ങളെ ഇന്നും ചലിക്കുമാറാക്കുന്ന ദൈവമേ-

**അനുതാപം: പ്രതിവാക്യം-'ന്യായം വറ്റാത്തതോടുപോലെ ഒഴുകട്ടെ'**

1. ജീവൻെറ ഉറവിടമായ ദൈവമേ, ഞങ്ങളുടെ അധീശത്വഭാവം, ചൂഷണം, നിസ്സംഗത എന്നീ പരിസ്ഥിതി ബന്ധിതമായ പാപങ്ങളെക്കുറിച്ച് ഞങ്ങൾ അനുതപിക്കുന്നു.
2. സ്രുഷ്ടിയുടെ കാര്യവിചാരകത്വം ഏൽപ്പിച്ച് തോട്ടം കാപ്പാനും വേലചെയ്വാനും ദൈവം തന്ന നിയോഗത്തെ അവഗണിച്ച തെറ്റിനെക്കുറിച്ചു ഞങ്ങൾ ദു:ഖിക്കുന്നു.
3. വിലയേറിയ പ്രക്രുതിവിഭവമായ ജലത്തിൻെറ ദുർവിനിയോഗം, മലിനീകരണം, ജലം ആവശ്യക്കാരുമായി പങ്കിടാത്തത്, അതുവിൽപ്പനച്ചരക്കാക്കിയത് എന്നീ അപരാധങ്ങളെ ഓർത്ത് ഞങ്ങൾ പശ്ചാത്തപിക്കുന്നു.

4. ലളിത ജീവിത ശൈലിക്കുപകരം ആർത്തിയും ധൂർത്തും വെളിവാക്കുന്ന വികല മനോഭാവത്തെ ഞങ്ങൾ ഏറ്റുപറയുന്നു.
5. വികസനത്തിൻെറ പേരിൽ കുടിഒഴിപ്പിക്കപ്പെട്ടവരുടെയും ഏറെദൂരം താണ്ടി ജലം ശേഖരിക്കേണ്ടിവരുന്നവരുടെയും രോദനം ശ്രദ്ധിക്കാത്ത നിസ്സംഗതക്കായി ഞങ്ങൾ പാപ പൊറുതി യാചിക്കുന്നു.
6. ജലസംരക്ഷണത്തിനുള്ള സംരംഭങ്ങളെ അവഗണിച്ച് കിണറുകളും പുഴകളും കായലുകളും സമുദ്രവും വിഷപൂരിതമാക്കിയ തെറ്റിനെ ഞങ്ങളൊടു പൊറുക്കേണമെ.

**മധ്യസ്ഥപ്രാർഥന: പ്രതിവാക്യം– 'ഞങ്ങൾ അങ്ങയോട് അപേക്ഷിക്കുന്നു'**

1. വരും തലമുറകളുടേയും ആവശ്യങ്ങൾക്ക് ഉതകത്തക്കവിധം പ്രക്രുതിവിഭവങ്ങളെ സൂക്ഷ്മതയോടെ വിനിയോഗിക്കാനുള്ള മനസ്സൊരുക്കം തരേണമെന്നു–
2. സുസ്ഥിര വികസനമാത്രുകകളിലൂടെ എല്ലാവരുടേയും ക്ഷേമം ഉറപ്പു വരുത്തുവാൻ ഭരണാധികാരികൾക്ക് വിവേകം നൽകണമെന്ന്–
3. വറ്റിപ്പോകുന്ന വിഭവങ്ങൾക്കുപകരം ആവർത്തിച്ച് ഉപയോഗിക്കാവുന്ന ഊർജ്ജസ്രോതസ്സുകൾക്കായി ഗവേഷണം നടത്തുന്ന ശാസ്ത്രസാങ്കേതിക സ്ഥാപനകൾക്കും വ്യക്തികൾക്കുമായി–
4. പരിസ്ഥിതി സംരക്ഷണത്തിനായി പടപൊരുതുന്ന സമൂഹങ്ങൾക്കും പ്രസ്ഥാനങ്ങൾക്കുമായി–
5. പ്രക്രുതിയിലും മനുഷ്യ സമൂഹത്തിലും ശബ്ദിക്കാത്തവരുടെ ശബ്ദമായിത്തീരുവാൻ കരുത്തുപകരണമെന്ന്–

**സമർപ്പണം (ഏവരും ചേർന്ന്)**

പുതിയോരുഹ്യദയവും പരിസ്ഥിതി സൗഹ്രുദമായ ദർശനവും തന്ന് ദൈവാത്മാവിനാൽ ഞങ്ങളെയും ഭൂമണ്ഠലത്തേയും പുതുക്കേണമേ. ന്യായം വെള്ളം പോലെയും നീതി വറ്റാത്ത തോടുപോലെയും ഒഴുകുമെന്ന പ്രവാചക ദർശനം ഉൾക്കൊണ്ട് പരിസ്ഥിതി സംരക്ഷണവും വിശേഷിച്ച് ജലസംരക്ഷണവും ധാർമ്മിക പ്രമാണമായി ഞങ്ങൾ സ്വീകരിക്കുന്നു. ആമേൻ.